# ‘യഹോവയെ രുചിച്ചറിയുക’

## സങ്കീർത്തനങ്ങൾ 34:08

“യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.”

ഇന്ന് മിക്കവാറും ദൈവമക്കൾക്ക് വാസ്തവത്തിൽ കർത്താവിനെ ഉൾക്കൊള്ളാനും അവന്റെ വചനത്തിനധിഷ്ഠിതമായി ജീവിതം ക്രമീകരിക്കുന്നതിനും സാധ്യമാവാതെ വരുന്നതിന്റെ ഒരു പ്രധാനകാരണമാണ് അവനെ ജീവിതത്തിൽ ഉൾക്കൊള്ളേണ്ടതുപോലെ നാം ഉൾക്കൊള്ളാത്തത്. എന്നാൽ ഇവിടെ പറയുന്നു, യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ എന്ന്. ഒരിക്കൽ ഒരു ദൈവപൈതൽ കർത്താവിനെ അവന്റെ ജീവിതത്തിലേക്ക് സ്വീകരിക്കുമ്പോൾ അതിന്റേതായ മാധുര്യതയോട് കൂടിയാണ് സ്വീകരിക്കുന്നതെങ്കിൽ പിന്നീട് ഈ കർത്താവിനെ പിരിഞ്ഞുള്ള ഒരു ജീവിതം അവന് ഒരിക്കലും സാധ്യമല്ല. അവൻ അതിനെക്കുറിച്ച് ചിന്തിക്കുക പോലുമില്ല. എത്രത്തോളം ഈ കർത്താവിനെയും അവന്റെ വചനത്തെയും നാം ജീവിതത്തിൽ അനുഭവിക്കുന്നുണ്ടോ അത്രത്തോളം നാം അവന്റെ സാമീപ്യത്തിനായി ആഗ്രഹിച്ചുകൊണ്ടിരിക്കും. ഒരു പൂച്ചക്കുഞ്ഞിനെ എപ്രകാരമാണോ നാം പാലുകുടിക്കാൻ പഠിപ്പിക്കുന്നതും അതിനുശേഷം അത് നിത്യം ജീവിതത്തിൽ പാലു കാണുമ്പോൾ അതു കുടിക്കുവാനുള്ള ആഗ്രഹം കാണിക്കുന്നതും അതേപോലെയാവണം ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ കർത്താവിനും അവനോടുള്ള സ്നേഹത്തിനുമായി ആഗ്രഹിക്കേണ്ടത്. ഒരിക്കൽ അത് അനുഭവിച്ചു കഴിഞ്ഞാൽ പിന്നീട് അതിൽ നിന്ന് പുറകോട്ട് പോകുവാൻ ഇടയാകരുത്.

നഹൂം 1:7 ൽ ഇപ്രകാരം പറയുന്നു, “യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവും ആകുന്നു; തങ്കൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു.” അവനിൽ ആശ്രയിക്കുന്ന ഏവനേയും കർത്താവ് വ്യക്തിപരമായി അറിയുന്നു. ഇതിനുള്ള ഒരു ഉത്തമ ഉദാഹരണമാണ് കാണാതെ പോയ ആടിന്റെ ഉപമ. അവിടെ ഇടയന്റെ സ്വരം കേട്ട് അവനെ അനുഗമിച്ചിരുന്നതായ 100 ആട്ടിൻ കൂട്ടത്തിൽ നിന്ന് ഒരെണ്ണം കാണാതെ പോയപ്പോൾ അവൻ ബാക്കി 99 എണ്ണത്തിനേയും വിട്ടിട്ട് ഒന്നിനെ തിരക്കി പോയി. ഒന്നാലോചിച്ചാൽ ഒരെണ്ണമല്ലെ പോയുള്ളൂ എന്നുവെച്ച് ബാക്കിയുള്ളതിനെയും കൊണ്ട് അവനു പോകാമായിരുന്നു. ഇവിടെയാണ് ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തെ

നാം കാണേണ്ടത്. അവന് ആ 100 ആടുകളും ഒരുപോലെ പ്രാധാന്യമർഹിക്കുന്നവയായിരുന്നു എന്നതാണ് ഇവിടെ നമ്മെ കാണിച്ചു തരുന്നത്.

അങ്ങിനെയെങ്കിൽ ഇന്നു നാം അവന്റെ അജഗണത്തിലുണ്ടായിരുന്നവരായിരിക്കാം, പക്ഷെ കൂട്ടം തെറ്റി നിൽക്കുന്നവരായി അവൻ നമ്മെ കാണുന്നു. ആ നല്ല ഇടയന്റെ സ്വരം കേട്ട് അവൻ തെളിക്കുന്നിടത്തേക്ക് പോകാൻ, അത് നമ്മെ നിത്യമായ മേച്ചിൽപ്പുറങ്ങളിലേക്ക് നടത്തുവാൻ ഉതകുവാൻ തക്കവണ്ണം അവനിൽ ആശ്രയിക്കാം. അങ്ങിനെയെങ്കിൽ നാം ഭാഗ്യവാന്മാർ എന്ന് എണ്ണപ്പെടും. ഈ ഭാഗ്യാവസ്ഥ കൈവരിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം:
സങ്കീർത്തനങ്ങൾ 61:3

“നീ എനിക്കൊരു സങ്കേതവും ശത്രുവിന്റെ നേരെ ഉറപ്പുള്ള ഗോപുരവും ആയിരിക്കുന്നുവല്ലോ.”

ബ്രദർ. ബിനു ബേബി ആലപ്പുഴ 092